# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *8 — 28.01.2019-ൽ മറുപടിക്ക്

## ശബരിമല യുവതി പ്രവേശം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. മുകേഷ്<br>ശ്രീ. എം. സ്വരാജ്<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ. എസ്.രാജേന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഭരണഘടനാപരമായ അത്യുന്നത സ്ഥാനം വഹിക്കുന്നവർ സുപ്രീംകോടതി ഭരണഘടനാ ബെഞ്ച് വിധിയിലെ വിയോജനാഭിപ്രായത്തെ സ്വാഗതം ചെയ്യുകയും വിധി നടപ്പാക്കിയ സംസ്ഥാന സർക്കാരിനെ ഭീഷണിപ്പെടുത്തുകയും ചെയ്യുത് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെത്തന്നെ ദുർബലപ്പെടുത്തുന്നതായതിനാൽ ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കാൻ പരിപാടി ആവിഷ്കരിക്കുമോ; | (എ) ശബരിമല ക്ഷേത്രത്തിൽ ഒരു പ്രത്യേക പ്രായത്തിലുള്ള സ്ത്രീകളുടെ പ്രവേശനം നിരോധിക്കുന്നത് ഭരണഘടന വിരുദ്ധമാണെന്ന സുപ്രീം കോടതി വിധിന്യായം നടപ്പിലാക്കുക എന്നതും അതുവഴി ഭരണഘടന വിഭാവന ചെയ്യുന്ന ലിംഗസമത്വം ഉറപ്പാക്കുകയെന്നതും സർക്കാരിന്റെ കർത്തവ്യമാണ്. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങളെയും മതനിരപേക്ഷ ആശയങ്ങളെയും സ്ത്രീപുരുഷ സമത്വത്തെയും കടന്നാക്രമിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക എന്ന മുദ്രാവാക്യം കൂടി ഉൾപ്പെടുത്തി നടത്തിയ വനിതാ മതിൽ സർക്കാർ പിന്തുണ നല്കി. ചരിത്രപരമായ ആ സായാഹ്നത്തിൽ |

50 ലക്ഷത്തിലധികം വിവിധ വിഭാഗത്തിൽപ്പെട്ടുന്ന വനിതകൾ ഒത്തുചേർന്നു. വനിതാമതിലിന്റെ വൻ വിജയത്തെ തുടർന്ന് നവോത്ഥാന ആശയങ്ങളോടു യോജിക്കുന്ന എല്ലാ വിഭാഗത്തിലുംപ്പെട്ടുന്നവരെയും ഉൾപ്പെടുത്തി നവോത്ഥാന സംരക്ഷണ സമിതി വിപുലീകരിക്കാനും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഇന്ത്യൻ ജനാതിപത്യത്തിന്റെ ജീവവായുവാണ് നമ്മുടെ ഭരണഘടന. അതുയർത്തിപ്പിടിക്കുവാൻ എല്ലാ പേർക്കും ചുമതലയുണ്ട്. നമ്മുടെ ഓരോ അഭിപ്രായവും പ്രവർത്തിയും ഭരണഘടന ഉറപ്പുതരുന്ന സ്വാതന്ത്ര്യം അനുഭവിക്കുവാൻ ഉതകുന്നതാകണം. എങ്കിൽ മാത്രമേ ഭരണഘടനാബോധമുള്ള ഉത്തമ പൗരരാക്കി പുതുതലമുറയെ വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. അത്തരം ശ്രമങ്ങളുടെ ആദ്യപടിയായി സ്കൂൾ വിദ്യാർത്ഥികൾക്കായി ഭരണഘടനയുടെ ബാലപാഠം എന്ന നിലയിൽ ഒരു ലഘുപുസ്തകം പ്രസിദ്ധീകരിച്ചു വിതരണം ചെയ്തു. വൈവിദ്ധ്യമായ കൂടുതൽ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതാണ്.

(ബി) സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ യുവതികൾ

(ബി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശബരിമലയിൽ യുവതികൾ

പ്രവേശിച്ചതിനെത്തുടർന്ന് പ്രഖ്യാപിക്കപ്പെട്ട ഹർത്താലിന്റെ മറവിൽ വ്യാപകമായി അക്രമം നടത്തിയവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

പ്രവേശിച്ചതിനെത്തുടർന്ന് 03.01.2019-ലെ ഹർത്താലിൽ നടത്തിയ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് 772 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ 4163 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും 1021 പേരെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

ഹർത്താലിന്റെ ഭാഗമായി നടന്ന അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ശരിയായ അന്വേഷണം ഉറപ്പ് വരുത്തുന്നതിനും, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പൊതുമുതലിനും സ്വകാര്യസ്വത്തിനും ഉണ്ടായ നാശനഷ്ടങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരം ഉത്തരവാദികളായ പ്രതികളിൽ നിന്നും ഈടാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് PDPP Act, 1984, ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തു. നമ്മുടെ സംസ്ഥാനത്ത് വിവിധ സന്ദർഭങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ ഹർത്താലിന് ആഹ്വാനം ചെയ്യാറുണ്ട്. ഒരു പ്രശ്നത്തിൽ അവസാനത്തെ സമരരൂപമെന്ന നിലയിലാണ് ഹർത്താലിനെ കണ്ടിരുന്നത്. ഇതിന് വ്യത്യസ്തമായി ഏത് കാര്യത്തിനും ജനജീവിതത്തെ ബാധിക്കുന്ന ഹർത്താൽ പ്രഖ്യാപിക്കുന്ന സ്ഥിതിയാണ് ശബരിമല സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാനത്ത്

പലപ്പോഴായി ഉണ്ടായത്. ഹർത്താലിന്റെ മറവിൽ പൊതുമുതൽ നശിപ്പിക്കുന്നതും ചില പ്രത്യേക വിഭാഗത്തിന്റെ സ്വകാര്യ സ്വത്തുകൾ ആസൂത്രിതമായി ആക്രമിച്ച് നശിപ്പിക്കുന്നതും അടക്കമുള്ള സംഭവങ്ങൾ ഉണ്ടായി. സാമൂഹ്യ മാധ്യമങ്ങളിലൂടെ വർഗ്ഗീയ സംഘർഷത്തിന് ഇട നൽകുന്ന വിധത്തിലുള്ള പ്രചാരണങ്ങളും ഹർത്താലിന്റെ ഭാഗമായി നടത്തുകയാണ്. ഇത് ഫലപ്രദമായി നേരിടേണ്ടതുണ്ട്. അത് മുൻനിർത്തിക്കൊണ്ട് സ്വകാര്യ മുതലുകൾ നശിപ്പിക്കുന്നത് തടയാനായി സർക്കാർ പ്രത്യേക ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019 ജനുവരി 8-ന് നിലവിൽ വന്ന "The Kerala Prevention of Damage to Private Property and Payment of Compensation Ordinance 2019" പ്രകാരം വർഗീയ കലാപങ്ങൾ, മത-സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ സംഘടിപ്പിക്കുന്ന ഹർത്താൽ, ബന്ദ്, പ്രകടനങ്ങൾ, മാർച്ച്, ജാഥ, റോഡ് ഗതാഗതം സ്തംഭിപ്പിക്കൽ എന്നീ സമരങ്ങൾ അക്രമാസക്തമാവുകയും അതുമൂലം സ്വകാര്യ മുതലുകൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം ഈടാക്കാനും വ്യവസ്ഥയുണ്ട്.

നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ പിഴയോടുകൂടി അഞ്ചുവർഷം വരെ തടവുശിക്ഷ നൽകുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. സ്ഫോടനം, തീ എന്നിവയ്ക്ക് കാരണമാകുന്ന

വസ്തുക്കൾ ഉപയോഗിച്ച് നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ജീവപര്യന്തമോ, പത്തുവർഷം വരെ തടവും പിഴയുമോ ശിക്ഷ നൽകാനുള്ള വ്യവസ്ഥയുമുണ്ട്. ജാമ്യ അപേക്ഷയിൽ പ്രോസിക്യൂഷന് കേൾക്കാനുള്ള അവസരം നൽകുക, നശിപ്പിക്കപ്പെട്ട മുതൽ സംബന്ധിച്ച മൂല്യം സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി നിർണ്ണയിക്കുകയും ആ തുകയുടെ പകുതി സെക്യൂരിറ്റിയായി കോടതിയിൽ കെട്ടിവയ്ക്കുക. ഇവ ചെയ്യാത്തപക്ഷം ജാമ്യം ലഭിക്കുകയില്ല എന്ന് ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

(സി) ജനങ്ങളുടെ സ്വൈര്യജീവിതം അട്ടിമറിക്കുകയും പൊതുമുതലും സ്വകാര്യ സ്വത്തുക്കളും നശിപ്പിക്കുകയും ചെയ്തവർക്കെതിരെ കേസുകൾ എടുത്തിട്ടുണ്ടോ; വിവിധ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജനങ്ങളുടെ സ്വൈര്യജീവിതം അട്ടിമറിക്കുകയും പൊതുമുതലും സ്വകാര്യ സ്വത്തുക്കളും നശിപ്പിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് 772 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിൽ 4163 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. വിശദാംശങ്ങൾ **അനുബന്ധമായി** ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) സുപ്രീംകോടതി വിധി അംഗീകരിക്കാൻ സാധിക്കാതെ അക്രമസമരം നടത്തുന്ന സംഘപരിവാർ സംഘടനകളോ

(ഡി) വിവിധ വ്യക്തികളും സംഘടനകളും ഹർജി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കരിദിനാചരണം നടത്തിയ
സംഘടനകളോ
സുപ്രീംകോടതി വിധി
പുനപരിശോധിക്കാൻ ഹർജി
നൽകിയതായി
ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന്
വ്യക്തമാക്കുമോ?

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നം. | ജില്ല | ആക്രമണങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ആക്രമണങ്ങളിൽ ഉൾപ്പെട്ടവരുടെ എണ്ണം | അറസ്റ്റ് ചെയ്തവരുടെ എണ്ണം | ജാമ്യം ലഭിച്ചവരുടെ എണ്ണം | ജുഡീഷ്യൽ കസ്റ്റഡിയിൽ തുടരുന്നവരുടെ എണ്ണം | കുറ്റപത്രം സമർപ്പിച്ച കേസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 13 | 482 | 66 | 60 | 6 | 0 |
| 2 | തിരുവനന്തപുരം റൂറൽ | 28 | 811 | 163 | 139 | 24 | 0 |
| 3 | കൊല്ലം സിറ്റി | 91 | 2800 | 286 | 209 | 77 | 0 |
| 4 | കൊല്ലം റൂറൽ | 22 | 526 | 95 | 95 | 0 | 0 |
| 5 | പത്തനംതിട്ട | 42 | 774 | 190 | 162 | 28 | 0 |
| 6 | ആലപ്പുഴ | 29 | 1008 | 348 | 344 | 4 | 3 |
| 7 | കോട്ടയം | 21 | 252 | 46 | 46 | 0 | 0 |
| 8 | ഇടുക്കി | 11 | 153 | 104 | 90 | 14 | 0 |
| 9 | എറണാകുളം സിറ്റി | 12 | 494 | 170 | 170 | 0 | 0 |
| 10 | എറണാകുളം റൂറൽ | 27 | 1321 | 212 | 207 | 5 | 0 |
| 11 | തൃശ്ശൂർ സിറ്റി | 58 | 2969 | 469 | 461 | 8 | 0 |
| 12 | തൃശ്ശൂർ റൂറൽ | 30 | 1412 | 330 | 287 | 43 | 0 |
| 13 | പാലക്കാട് | 116 | 6030 | 688 | 577 | 111 | 0 |
| 14 | മലപ്പുറം | 71 | 2853 | 309 | 309 | 0 | 0 |
| 15 | കോഴിക്കോട് സിറ്റി | 49 | 480 | 190 | 124 | 66 | 2 |
| 16 | കോഴിക്കോട് റൂറൽ | 24 | 795 | 68 | 51 | 17 | 0 |
| 17 | വയനാട് | 13 | 64 | 36 | 36 | 0 | 3 |
| 18 | കണ്ണൂർ | 45 | 379 | 107 | 90 | 17 | 1 |
| 19 | കാസറഗോഡ് | 70 | 832 | 286 | 248 | 38 | 0 |
| | **ആകെ** | **772** | **24435** | **4163** | **3705** | **458** | **9** |